**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4885** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ്സ്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ഇ ചന്ദ്രശേഖരൻ</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് ഇ-ഗ്രാന്റ്സ് പ്രകാരം ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നതെന്ന് ജില്ലകൾ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;</td><td>(എ)</td><td>ഇ-ഗ്രാന്റ്സ് മുഖേന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിച്ചു വരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br>
<table>
<tr><td rowspan="2">ജില്ല</td><td colspan="2">വിദ്യാർത്ഥികളുടെ എണ്ണം</td></tr>
<tr><td>പട്ടികജാതി</td><td>പട്ടികവർഗ്ഗം</td></tr>
<tr><td>തിരുവനന്തപുരം</td><td>16791</td><td>1140</td></tr>
<tr><td>കൊല്ലം</td><td>13440</td><td>249</td></tr>
<tr><td>പത്തനംതിട്ട</td><td>6619</td><td>274</td></tr>
<tr><td>ആലപ്പുഴ</td><td>7317</td><td>153</td></tr>
<tr><td>കോട്ടയം</td><td>7962</td><td>1460</td></tr>
<tr><td>ഇടുക്കി</td><td>4256</td><td>1289</td></tr>
<tr><td>എറണാകുളം</td><td>14216</td><td>996</td></tr>
<tr><td>തൃശ്ശൂർ</td><td>15478</td><td>695</td></tr>
<tr><td>പാലക്കാട്</td><td>14845</td><td>1703</td></tr>
<tr><td>മലപ്പുറം</td><td>14126</td><td>626</td></tr>
<tr><td>കോഴിക്കോട്</td><td>10521</td><td>1086</td></tr>
<tr><td>വയനാട്</td><td>1855</td><td>3619</td></tr>
<tr><td>കണ്ണൂർ</td><td>4802</td><td>1526</td></tr>
<tr><td>കാസർകോഡ്</td><td>2093</td><td>2836</td></tr>
<tr><td>ആകെ</td><td>134321</td><td>17652</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഇ- ഗ്രാന്റ് കുടിശ്ശിക നൽകാത്തതിനാൽ സംസ്ഥാനത്തെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ടി.സി. നൽകാത്തതുമൂലം ഉന്നത പഠനം മുടങ്ങും എന്ന് ആശങ്കയുള്ളതായ പരാതികൾ</td><td>(ബി)</td><td>ഉണ്ട്. ഇത്തരം പരാതികളിൽ യഥാസമയം നടപടി സ്വീകരിക്കുകയും വിദ്യാർഥികളുടെ ടി.സി നൽകുന്നതിന് സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തു വരുന്നുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | | |
| (സി) | ഇ- ഗ്രാന്റ് കുടിശിക പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | ഉണ്ട്. 2024-25 വർഷം പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് ആവശ്യത്തിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക അപര്യാപ്തമാണ് അതിൽ നിന്നും 30 കോടി രൂപ കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഇതിനായി അധിക ധനസഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു .<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ 75 % കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമാണ്. 2021-22 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുവാൻ സംസ്ഥാന സർക്കാർ അനുമതി നൽകുകയും ആ തുക ചെലവഴിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ